**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം മുകേഷ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; പ്രസ്തുത തിരിച്ചറിയൽ കാർഡ് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കുള്ള ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID) നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. UDID കാർഡ് ലഭ്യമാക്കുന്നതിനായി ഭിന്നശേഷിക്കാരായ വ്യക്തികൾ www.swavlambancard.gov.in എന്ന വെബ്ബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കണം.<br><br>ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ UDID നൽകാൻ പരിഗണിക്കുകയുള്ളൂ. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസറോ, DMO ചുമതലപ്പെടുത്തുന്നവരോ പരിശോധിച്ച് മെഡിക്കൽ റെക്കമെന്റേഷൻ നൽകുന്നതിനനുസരിച്ചാണ് ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റും, ഏകീകൃത തിരിച്ചറിയൽ കാർഡും ജനറേറ്റ് ചെയ്യുന്നത്.<br><br>ഭിന്നശേഷി സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷകരെ DMO രൂപീകരിക്കുന്ന Disability Assessment Medical Board പരിശോധിച്ച് വിലയിരുത്തിയ ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റുംUDID-യും നൽകുകയാണ് ചെയ്യുന്നത്.<br><br>ഭിന്നശേഷിക്കാർക്ക് വേഗത്തിൽ UDID ലഭ്യമാക്കുന്നതിനായി പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു വരുന്നു. അതോടൊപ്പം കേരള സാമൂഹ്യ സുരക്ഷാമിഷൻ 2023-24 സാമ്പത്തിക വർഷം 121 വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ |

ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും നിശ്ചിത ദിവസങ്ങളിൽ ഭിന്നശേഷി അസസ്മെന്റ് ബോർഡ് കൂടുന്നുമുണ്ട്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി പ്രൈവറ്റ് ഡോക്ടർമാരുടെ പാനൽ തയാറാക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ അസസ്മെന്റ് കഴിഞ്ഞ ഭിന്നശേഷിക്കാർക്ക് ഓൺ ലൈൻ മുഖേന യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിന് സംസ്ഥാനത്തെ നൂറിലധികം വരുന്ന വയോമിത്രം മെഡിക്കൽ ഒഫിസർമാരുടെ സേവനവും ഉപയോഗിച്ചുവരുന്നു.

ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉള്ളവർക്ക് അവരുടെ അപേക്ഷയും ഭിന്നശേഷി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് മെഡിക്കൽ റെക്കമെന്റേഷൻ നൽകുകയും ഇതിനെ തുടർന്ന് അവരുടെ യു.ഡി.ഐ.ഡി. ജനറേറ്റ് ചെയ്തു നൽകുന്നു. ഈ വിഭാഗത്തിൽ 4534 അപേക്ഷകൾ മാത്രമേ സംസ്ഥനത്ത് തീർപ്പ് കൽപിക്കാനായി അവശേഷിക്കുന്നുള്ളൂ.

ആരോഗ്യ വകുപ്പിലെ ഡി.എം.ഒ. തലത്തിൽ നടത്തിയ പരിശോധനയിൽ വിവിധ തിരുത്തലുകളാൽ കാർഡു നൽകാൻ കഴിയാതെ 1 ലക്ഷത്തിൽ പരം അപേക്ഷകരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ നിയമ സഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള അദാലത്തുകൾ നടത്തി വരുന്നു. 2023-24 സാമ്പത്തിക വർഷം 240 അദാലത്തുകൾ നടത്തുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ ഫലമായി 29/4/2024 വരെ 5,03,333 ഭിന്നശേഷിക്കാർ UDID കാർഡിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്. 3,35,614ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡുകൾ (UDID) ലഭ്യമാക്കിയിട്ടുണ്ട്. രാജ്യത്ത് കൂടുതൽ കാർഡു നൽകിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ 9-ാം സ്ഥാനം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

നിലവിൽ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള www.swavlambancard.gov.in വെബ് സൈറ്റ് പ്രവർത്തനം മെയ് 2024 മുതൽ പുനക്രമീകരണം നടത്തുന്നതിനാൽ കാർഡു നൽകുന്ന പ്രവർത്തനങ്ങളിൽ തടസം നേരിട്ടു കൊണ്ടിരിക്കുന്നു. ഈ ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിനെ യഥാസമയം

| | | | |
|---|---|---|---|
| | | | അറിയിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഏകീകൃത തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; ഇതിനായി പ്രത്യേക കാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 40 ശതമാനത്തിലധികം വൈകല്യമുള്ള ഒരു വ്യക്തിക്ക് എന്തെങ്കിലും സൗകര്യങ്ങളോ ആനുകൂല്യങ്ങളോ ഇളവുകളോ ലഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന രേഖയാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് / തിരിച്ചറിയൽ കാർഡ്. സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ രൂപീകരിക്കപ്പെട്ട അതാത് മെഡിക്കൽ ബോർഡുകളാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സർട്ടിഫൈയിംഗ് അതോറിറ്റി. ജില്ലയിലെ ഒരു ചീഫ് മെഡിക്കൽ ഓഫീസർ/ സബ് ഡിവിഷണൽ മെഡിക്കൽ ഓഫീസറും നിർദ്ദിഷ്ട മേഖലയിലെ മറ്റൊരു വിദഗ്ധനും അടങ്ങുന്നതാണ് ബോർഡ്. ഭിന്നശേഷിക്കാരുടെ അവകാശ നിയമം, 2016 പ്രകാരം പരാമർശിച്ചിട്ടുള്ള 21 തരം വിഭാഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.<br><br>സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2022 ഏപ്രിൽ മാസത്തിൽ പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തോളം പേരെ പുതുതായി രജിസ്റ്റർ ചെയ്യിക്കുകയും ചെയ്തിട്ടുണ്ട്. UDID രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തന്മുദ്ര എന്ന പേരിൽ വെബ് സൈറ്റ് ആരംഭിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള NSS വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തി സമ്പൂർണ്ണ രജിസ്ട്രേഷൻ ക്യാമ്പയിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ